# ചിന്മയി.കോം




digital magazine

BY GVHSS Iringole

## താളുകളിലൂടെ

പാട്ടും കളിയും.......7
കോഴിയുടെ അഹങ്കാരം.......8
വിദ്യാഭ്യാസത്തിൽ ദൃശ്യമാധ്യമങ്ങൾക്കുള്ള സ്വാധീനം.......9
ആൻഫ്രാങ്കിൻെറ ഡയറിക്കുറിപ്പുകൾ.......12
.......*13*
പക്ഷികൾ.......14
ആറ്റക്കിളിക്കുന്നിലെ അത്ഭുതങ്ങൾ.......17
അമ്മയെന്ന മഞ്ഞുതുള്ളി.......23
ഒരിക്കലും മായാത്ത തണുപ്പ്.......27
തണലേത്.......31
കാളിയും ചേരപ്പാമ്പും.......34
.......39
തോരാമഴ.......39
ആരൊരാൾ എനിക്ക് തണലായിരിക്കും?.......46

# ആമുഖം

ഞങ്ങൾ

ഒൻപതാം ക്ലാസ്സുകാർ ...

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ...

വിരൽത്തുമ്പിനകത്ത് ലോകത്തിനതിര് ഒരുക്കുന്ന

സാങ്കേതികവിദ്യയുടെ ചുവടുവയ്പ്പിൽ ഞങ്ങളും പങ്കുചേരുന്നു.....

സർഗ്ഗവാസനയുടെ അടയാളങ്ങൾക്ക്,

പ്രതിഭയുടെ കൈയൊപ്പുകൾക്ക്,

ഡിജിറ്റൽരൂപമൊരുക്കിക്കൊണ്ട്...........

ബാല്യകൗതുഹലങ്ങളും

കൗമാരമധുരസ്വപ്നങ്ങളും

യൗവനത്തിന്റെ തിരിച്ചറിവുകളും

കവിതയുടെ നൂപുരധ്വനികളായ്.............

കഥയുടെ അകത്തളങ്ങളിലേക്ക്.........

വരയുടെ മായികതയിലേക്ക്..........

ചേക്കേറുന്ന

'ചിന്മയി.കോം'

ഇവിടെ അനാവരണം ചെയ്യുന്നു....

പോരായ്മകൾ ഉണ്ടെന്നറിയാം.....

എങ്കിലും

കാലത്തിന്റെ സൂര്യവെളിച്ചത്തിൽ

വിടർന്നുവിലസുമെന്ന

ആത്മവിശ്വാസത്തോടെ.....


പ്രതീക്ഷയോടെ ...

സമർപ്പിക്കട്ടെ ..

'ചിന്മയി.കോം'




ദേശത്തിനൈശ്വര്യമീ കാവ്.ചരിത്രപ്രസിദ്ധമായ ഇരിങ്ങോൾ കാവ്.........
ജി വി എച്ച് എസ് എസ് ഇരിങ്ങോളിന് തിലകക്കുറിയായി........
നിലകൊള്ളുന്നു



ചിന്മയി

# Little Kites Activities



**• Preliminary Camp • Smart Amma programme • One day Camp • Youth Festival 2k19 Documentation**




കവിത



## പാട്ടും കളിയും

ഓണം വന്നേ ഓണം വന്നേ
ഓണത്തപ്പൻ വിരുന്നു വന്നേ
പൂക്കളമിട്ടതു കണ്ടു രസിച്ചേ
ഊഞ്ഞാലാടീട്ടൊരുപാട്ടും
കൈകൊട്ടിക്കൊണ്ടൊരു കളിയും
ഇനിയൊരു ചിങ്ങപ്പുലരിയിൽ ഞാൻ
എത്തുമെന്നു പറഞ്ഞിട്ട്
മന്നൻ ഓലക്കുട ചൂടി
പുഞ്ചിരിയോടെ മടങ്ങുന്നേ!

**മാളവിക രാജു**

**ക്ലാസ് V**

കഥ



ശിവപ്രിയ സി എ

ക്ളാസ് III

## കോഴിയുടെ അഹങ്കാരം

ഒരിക്കൽ രണ്ട് പൂവൻകോഴികൾ തമ്മിൽ കൊത്തുകൂടാൻ തുടങ്ങി.
ആരാണ് ശക്തൻ എന്നതായിരുന്നു അവരുടെ പ്രശ്നം .
ഒടുവിൽ ഒരു പൂവൻകോഴി കൊത്തുകൊണ്ട് വീണു.
ഉടനെ മറ്റേ കോഴിക്ക് അഹങ്കാരമായി.
അത് വീടിന്റെ മുകളിൽ കയറി നിന്ന് "കൊക്കരക്കോ"എന്ന്
പാടി.എന്നെ തോൽപ്പിക്കാൻ ഇനി ആരുമില്ല ,"ഞാൻ തന്നെ ശക്തൻ "
കോഴി ഉറക്കെ വിളിച്ചു പറഞ്ഞു അപ്പോഴാണ് അതുവഴി പറന്ന്
വന്ന ഒരു പരുന്ത് കോഴിയേ ശ്രദ്ധിച്ചത്.അത് കോഴിയേ
റാൻജിയെടുത്തു.തന്റെ അഹങ്കാരമാണ് എല്ലാത്തിനും കാരണം.
കോഴി ഓർത്തു !




## വിദ്യാഭ്യാസത്തിൽ ദൃശ്യമാധ്യമങ്ങൾക്കുള്ള സ്വാധീനം

നിമിഷ എൻ എസ്
വി എച്ച് എസ് സി
ഒന്നാം വർഷം

ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ദൃശ്യമാധ്യമങ്ങൾക്ക് മഹത്തായ സ്ഥാനമുണ്ട്. പറഞ്ഞ്കെടുത്ത് പഠിപ്പിക്കുക എന്ന രീതിയിലേക്ക് വിദ്യാഭ്യാസം മാറിയിരിക്കുകയാണ്.

സിനിമ,ടെലിവിഷൻ,കമ്പ്യൂട്ടർ എന്നീ ദൃശ്യമാധ്യമങ്ങൾ വിദ്യാഭ്യാസിത്തിൽ നിർണായകസ്ഥാനം വഹിക്കുന്നുണ്ട് നിരിക്ഷകരായ ജനങ്ങളെ കാര്യങ്ങൾ പഠിപ്പിക്കുന്നതിന് സിനിമ നല്ലൊരു ഉപാധിയാണ്. വളരെയധികം പേർ ഒരേ സമയം കാര്യങ്ങൾ കണ്ട് പഠിക്കുന്നു.എന്നതാണ് സിനിമയുടെ നേട്ടം സിനിമയാകുമ്പോൾ ആളുകളെ നിർബന്ധിച്ച് പഠിപ്പിക്കേണ്ട ആവശ്യമില്ല. കാഴ്ച്ചകൾക്ക് യാതൊരു വിരസതയും ഉണ്ടാവുകയുംമില്ല.

വിദ്യാഭ്യാസരംഗത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ദൃശ്യമാധ്യമമാണ് ടെലിവിഷൻ. ആളുകൾക്ക് ഇഷ്ട്മുള്ള പരിപാടി ഇഷ്ടമുള്ളപ്പോൾ ആസ്വാദിക്കാം എന്നുള്ളതാണ് ഇതിൻെറ

ഒരു പ്രത്യേകത.പല ടെലിവിഷൻ പരിപാടികളും വിനോദത്തിനപ്പുറമേ നമുക്ക് വിജ്ഞാനവും പ്രദാനം ചെയ്യുന്നതാണ്. ഇന്നത്തെ തിരക്കേറിയ ജീവിതത്തിനിടയിൽ പലർക്കും കാസ്സ്മുറിയിൽ പോയി പഠനംനടത്താൻ കഴിഞ്ഞെന്നുവരില്ല. അത്തരക്കാർക്ക് ടെലിവിഷൻ ഒരു അനുഗ്രഹമാണ്.

ടെലിവിഷനിലൂടെ വിദ്യാഭ്യാസ പരിപാടികൾ അവതരിപ്പിച്ചാൽ ഒരേ സമയം ലക്ഷക്കണക്കിനു ആളുകൾക്ക് അത് കണ്ട് മനസ്സിലാക്കുവാൻ സാധിക്കുന്നു. കുട്ടികൾ തിങ്ങിനിറഞ്ഞിരിക്കുന്ന ക്ലാസ്സ് മുറിയിൽ അദ്ധ്യാപകർ പറയുന്ന പലതും മനസ്സിലാക്കിയെന്നും വരില്ല. അദ്ധ്യാപകർക്ക് എല്ലാ വിദ്യാർത്ഥികളെയും ഒരുപോലെ ശ്രദ്ധിക്കാൻ കഴിഞ്ഞെന്നും വരില്ല.ക്ലാസ്സ് മുറികളിലെ പഠനത്തിന് പഠനോപകരണങ്ങളുടെ ദൗർലഭ്യവും ഒരു പോരായ്മയാണ്. എന്നാൽ ടെലിവിഷൻ പരിപാടികളിലൂടെ ആകുമ്പോൾ ഏതു കാര്യവും പ്രേക്ഷകരെ നേരിട്ടു കാണിക്കാം .

ഇന്ന് ഏറ്റവും കൂടുതൽ ആളുകൾ വിദ്യാഭ്യാസത്തിനു വേണ്ടി ആശ്രയിക്കുന്ന മാധ്യമം കമ്പ്യൂട്ടറാണ് .കമ്പ്യൂട്ടർ പ്രചാരത്തിലായതോടു കൂടി വിദ്യാഭ്യാസ പ്രക്രിയ വളരെ സുഗമമായിരുക്കുന്നു. ഓരോരുത്തർക്കും അവരവരുടെ വീടുകളിൽ ഇരുന്ന് ആകാശത്തിന് താഴെയുള്ള ഏത് കാര്യവും കമ്പ്യൂട്ടറിലൂടെ പഠിക്കാൻ കഴിയും. നാം അറിയാൻ ആഗ്രഹിക്കുന്ന ഏത് കാര്യവും ഒരു ബട്ടൺ അമർത്തിയാൽ സ്ക്രീനിൽ തെളിഞ്ഞ് വരും .വിവരങ്ങൾ ശേഖരിച്ച് വയ്ക്കാനും ആവശ്യമുള്ളപ്പോൾ അവയെടുത്ത് പരിശോധിക്കാനും നോട്ടുബുക്കിലെന്നപോലെ കമ്പ്യൂട്ടറിലും കഴിയും. വിദ്യാഭ്യാസത്തിൻെറ നാനാതുറകളിലേക്ക് വെളിച്ചം വീശുന്ന സാങ്കതിക വിദ്യയാണ് കമ്പ്യൂട്ടറിൽ ഉള്ളത്.

ഉന്നതവിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും ഊന്നൽ നല്കികൊണ്ടുള്ള പല പരിപാടികളും ആലേഖനം ചെയ്തിട്ടുള്ള സീഡികൾ ഇന്ന് ലഭ്യമാണ്. അവ തെരഞ്ഞെടുത്ത് ടി.വി യിലോ കമ്പ്യൂട്ടറിലോ പ്രദർശിപ്പിച്ച് പാഠങ്ങൾ ഗ്രഹിക്കാവുന്നതാണ് . ട്യൂഷൻ സെൻററുകളിലേക്ക് പോകാതെ വിദ്യാർത്ഥികൾക്ക് സ്വന്തം വീട്ടിലിരുന്ന വിദ്യാഭ്യാസം നടത്തുവാൻ ദൃശ്യമാധ്യമങ്ങൾ വലിയൊരു സഹായമാണ്.

ഏത് കാര്യത്തിനും നന്മയും തിന്മയും ഉണ്ട്. ദൃശ്യമാധ്യമങ്ങളുടെ കാര്യത്തിലും അതുതന്നെയാണ് സ്ഥിതി. നല്ല വശങ്ങൾ മാത്രം ഉൾ ക്കൊള്ളാൻ കഴിയണം . വിദ്യാഭ്യാസം ഇത്രയേറെ പുരോഗതിനേടുവാൻ ഇടയാക്കിയത് ദൃശ്യമാധ്വമങ്ങളാണ്. അവയുടെ അനന്തസാധ്യതകൾ മനസ്സിലാക്കി ജീവിതവിജയത്തിലെത്തിച്ചേരുവാൻ ഓരോ വിദ്യാർത്ഥിയും നിരന്തരം പരിശ്രമിക്കേണ്ടതാണ്.



## ആൻഫ്രാങ്കിൻെറ ഡയറിക്കുറിപ്പുകൾ

കുമാരി പി കെ
ടീച്ചർ

ജർമ്മൻ വംശജനായ ആൻഫ്രാങ്ക്  എന്ന പതിമൂന്നുകാരി തൻെറ ജീവിതത്തിലെ നിസ്സഹായനിമിഷങ്ങൾ സഹജമായ വീക്ഷണത്തിലൂടെ അവതരിപ്പിച്ചിരിക്കുന്ന കൃതിയാണ് "ആൻഫ്രാങ്കിൻെറ ഡയറിക്കുറിപ്പുകൾ".രണ്ടാം ലോകമഹായുദ്ധക്കാലത്ത് ജർമ്മൻ  ഏകാധിപതി ആയിരുന്ന ഹിറ്റലറുടെ കിരാത ഭരണത്തിന് കീഴിൽ യഹൂദജനത അനുഭവിക്കേണ്ടിവന്ന യാതനകളെ ഹൃദയസ്പർശിയായി അവതരിപ്പിച്ചിരിക്കുകയാണ് ഈ പെൺക്കുട്ടി

1929 ജൂൺ 12 ന് ജർമ്മനിയിൽ ജനിച്ച ആൽഫ്രാങ്കിന്, വംശോൻമൂലന സിദ്ധാന്തത്തിലൂടെ ഹിറ്റലർ യഹൂദജനതയെ ക്രൂരമായി കൂട്ടക്കൊല ചെയ്തപ്പോൾ കുട്ടുംബത്തോടൊപ്പം ഹോളണ്ടിലേക്ക് കുടിയേറി.എന്നാൽ ഹിറ്റലർ ഹോളണ്ടും പിടിച്ചടക്കുകയും യഹൂദരോടുള്ള ക്രൂരത തുടരുകയും ചെയ്തു.സ്കൂളിൽ പഠിക്കുന്ന സമയത്തുപോലും വാഹനത്തിൽ സഞ്ചരിക്കാനോ, വിനോദപരിപാടികളിൽ പങ്കെടുക്കാനോ അവാർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. അസ്വാതന്ത്ര്യത്തിൻെറ തടവറയിലാണ് ഞാനും ചേച്ചി മാർഗട്ടും വളർന്നത്.എങ്കിലും സ്കൂളിൾജിവിതം അവൾ ആസ്വദിച്ചിരുന്നു.എന്നാൽ നാസിപ്പട്ടാളത്തീൻെറ അറസ്റ്റ് വാറണ്ട് വന്നെന്നറിഞ്ഞത് എല്ലാവരും ഭയന്ന് വിറങ്ങലിച്ച്  നിന്നപ്പോൾ അറസ്റ്റ് വാറണ്ട് തൻെറ ചേച്ചി മാർഗട്ടിനാണെന്ന് അറിഞ്ഞ് മാർഗട്ടും അവൾ തളർന്നുപോയി.ദിവസംകൊണ്ട്കയ്യിൽ കിട്ടിയ സാധനങ്ങളും എടുത്ത് അവർ ഒളിത്താവളത്തിലേക്ക് രക്ഷപ്പെടുമ്പോൾ തൻെറ പ്രിയപ്പെട്ട പൂച്ച മൂർച്ചിയെയു മറ്റുപലതും അവൾക്കു ഉപേക്ഷിക്കേണ്ടിവന്നു.ചില സുഹൃത്തുക്കളുടെ സഹായത്തോടെ ഒരു കടയുടെ അടിയിൽ ഉള്ള ഇടുങ്ങിയമുറിയിൽ ശ്വാസംവിടാൻ പോലും പേടിച്ച് ഒതുങ്ങിക്കൂടുമ്പോൾ അവൾക്ക് നഷ്ടമായത് ജിവിതത്തിൻെറ നിറം പിടിപ്പിച്ച സ്വപ്നങ്ങൾ കുടിയാണ്.തൻെറ ആകുലതകൾ തൻെറ പ്രീയപ്പെട്ട

**കിറ്റി എന്ന ഡയറിയിൽ എഴുതിവച്ച് അവൾ സമയം ചെലവഴിച്ചു.ആ ഇടുങ്ങിയ നിലവറയിൽ ആൽഫ്റങ്കിൻെറ കുടുംബത്തെ കൂടാതെ സദാവഴക്കുണ്ടാക്കുന്ന റാൻഡൻ ദബദകളും,ദന്തഡോക്ടറും ഉണ്ടായിരുന്നു.അവരുടെ ഇടയിൽ ആനിൻെറ ജീവിതം അസ്വസ്ഥതകൾ മാത്രം നിറഞ്ഞതായിരുന്നുവെങ്കിലും.അതിനിടയിലുംൻെറ പ്രണയാഭ്യർത്ഥനയുമായെത്തുന്ന**

**അവർക്ക് കൗതുകവും ഒപ്പം ആശ്വാസവുമായിരുന്നു.ഒരു നിശബ്ദജീവിയായിരുന്ന ചേച്ചി മാർഗട്ട്,എപ്പോഴും എപ്പോഴും വഴക്കുണ്ടാക്കുന്ന അമ്മയും,നിശബ്ദനാകുന്ന അച്ഛനും എല്ലാം അവളുടെ ദിനങ്ങളെ അസ്വസ്ഥമാക്കി .ഒരുനാൾ നാസിസൈന്യം അവിടെയും എത്തി. ഹിറ്റലറുടെ ക്രൂരതകളുടെ പര്യായമായിരുന്ന കോൺസൺട്രേഷൻ ക്യാമ്പുകളിലേക്ക ഓരോരുത്തരേയും കൊണ്ട്പോയപ്പോൾ,ആനും ചേച്ചി മാർഗട്ടും തെക്കൻ ജർമ്മനിയിലെ ബെൻസൻ ക്യാമ്പിലെത്തപ്പെട്ടു.ടൈഫോയ്ട് പിടിച്ചവൾആയ ചേച്ചി കൺമുന്നിൽ പിടഞ്ഞുമരിച്ചുന്നതുകണ്ടു ആൻ അതുവരെ സംഭരിച്ചുവെച്ച ധൈര്യമെല്ലാം ചോർന്ന് പോയി .ചേച്ചിയുടെ പിന്നാലെ അവളും മരണത്തിൻെറ താഴ്വരയിലേക്ക ആഴ്ന്നിറങ്ങി**

**നാസിപട്ടാളത്തിൻെറ ക്രൂരതകളും അവരുടെ കീഴിൽ യഹൂദ ജനതഅനുദവിക്കേണ്ടിവന്ന കൊടുംയാതനകളും മിഴിവോടെ വരച്ചുകാട്ടുന്ന ഈ കൃതി കാലാതിവർത്തിയായി നിലനിൽക്കും.ആൻഫ്രാങ്കിൻെറയും ചേച്ചിയുടെയും ദയനീയാന്ത്യം വായനക്കാരുടെ മനസ്സിൽ ഒരു വിങ്ങലായി നിലനിൽക്കും.**



# പക്ഷികൾ

ശിവഗംഗ ഗിരീഷ്
ക്ലാസ് VI

***പക്ഷികൾഉരഗങ്ങളിൽനിന്നുംപരിണമിച്ചുണ്ടായവയാണ്.കാഴ്ച്ചയുടെയും,കേൾവിയുടെയും കാര്യത്തിൽ ഒന്നാമനാണ് . പക്ഷികൾ ഗന്ധമോ, രുചിയോ അറിയാൻ ഇവക്ക് വേണ്ടത്ര ശേഷിയല്ല . നമ്മുടെ ഭൂമിയിൽ ഒട്ടുമിക്ക സസ്യജാലങ്ങളുടെയും നിലനിൽപ് പക്ഷികളെ ആശ്രയിച്ചാണ്. പ്രധാനമായും പൂക്കളിൽ പരാഗണം നടത്തുവാൻ പക്ഷികൾ വേണം. പക്ഷികൾ പലതരമുണ്ട് ലോകത്തിലെ ഏറ്റവും വലിയ പക്ഷിയാണ് ഒട്ടകപക്ഷി. പക്ഷിയുടെ മുട്ടക്ക് ഒന്നരകിലോഗ്രാം തൂക്കമുണ്ട് ഒരു ഒട്ടകപക്ഷിയ്ക്ക്. മനുഷ്യന്റെ ഭാരം വരെ താങ്ങാൻ കഴിയും. സാലിം മോയിസുദ്ദീൻ അബ്ദുൾ അലിയാണ് ലോക പ്രശസ്തനായ പക്ഷിശാസ്ത്രജ്ഞൻ. പക്ഷികളെയും മൃഗങ്ങളെയുമെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ട് ഇവയെ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് സാങ്ചറികൾ ദേശീയോദ്യാതങ്ങൾ എന്നിവ സ്ഥാപിക്കപ്പെടുന്നത്. ഇടുക്കി ജില്ലയിലെ വന്യജീവിസങ്കേതം തേക്കടിയലെ പെരിയാർ ടൈഗർ റിസർവ് എന്നിവ ഉദാഹരണങ്ങളാണ് പക്ഷികളിൽ സസ്യഭുക്കുകളും,മാംസഭുക്കുകളുമുണ്ട്. പക്ഷികളിൽ പഴങ്ങൾ മാത്രം ഭക്ഷിച്ച് ജീവിക്കുന്നവയും തേൻകുടിച്ച് ജീവിക്കുന്നവയും ഉണ്ട്. പക്ഷികളുടെ കൊക്കുകൾ രൂപപ്പെടുന്നത് അവയുടെ ആഹാരരീതിക്കനുസരിച്ചാണ് പക്ഷികളിലെ പ്രധാന***

***ഒരു വിഭാഗമാണ് പെൻഗ്വിനുകൾ തണുപ്പുള്ള പ്രദേശങ്ങളിലാണ്***

***ഇവ കൂട്ടതല്യം അതി ജീവിക്കുന്നത്. പക്ഷികൾ കൂടുകൾ***

***ഉണ്ടാകുന്നതാണ് മനുഷ്യരെപ്പോല്യം അമ്പരിപ്പിക്കുന്നതാണ്***

***മരത്തിന്റെ ഇളംകമ്പുകൾ ലോഹത്തകിടുകൾ കമ്പി, ഇലകൾ,മണ്ണ***

***തുടങ്ങിയവയൊക്കെ പക്ഷികൾ കൂടുനിർമ്മാണത്തിനുപയോഗിക്കും.***

***കൂടുനിർമ്മിക്കുന്നതിൽ ലോകത്തിൽവെച്ച് ഏറ്റവും വലിയ പക്ഷികളാണ്***

***കഴുകൻ. പക്ഷികളിൽ നല്ലൊരു വിഭാഗവും ഒരിടത്ത് ജനിച്ച് ജീവിച്ച്***

***അവിടെത്തന്നെ മണ്ണടിയുന്നവയാണ്.***

ചിന്മയി






സീത എം ബി
പ്രീ പ്രൈമറി ടീച്ചർ

**ആറ്റക്കിളിക്കുന്നിലെ അത്ഭുതങ്ങൾ**

ബി.സന്ധ്യയുടെ ആറ്റകിളിക്കുന്നിലെ അത്ഭുതങ്ങൾ എന്ന കുട്ടികളുടെ നോവലാണ് വായിച്ചത് .

ആറ്റക്കിളിക്കുന്ന്,എന്ന ഗ്രാമത്തിൻെറ പശ്ചാത്തലത്തിലാണ് കഥ തുടങ്ങുന്നത്. ഗ്രാമത്തിൻെറ പശ്ചാത്തലത്തിലാണ് കഥ തുടങ്ങുന്നത്. ഗ്രാമത്തിൻെറ കൂട്ടായ്മ എഴുത്തുക്കാരി ഭംഗിയായി അവതരപ്പിച്ചിട്ടുണ്ട്.കഥയിലെ പ്രധാനകഥപാത്രങ്ങൾ ശ്രീക്കുട്ടിയും രമേശ് സാറുമാണ് .മനുഷ്യർമാത്രമല്ല കുട്ടൻ പരുന്ത് ,ടിറ്റോ എന്ന പട്ടി ,പൂങ്കുയിൽ ഇവരെല്ലാം കഥാപാത്രമായി കടന്നു വരുന്നു .പൂക്കൈതയാറും കൊച്ചരുവിയും കളിപ്പാട്ടും സുന്ദരമാക്കിയ ഗ്രാമപ്രകൃതി .വായനയിലൂടെകടന്നു പോയപ്പോൾ എനിക്ക് എൻെറ കുട്ടിക്കാലമാണ് ഓർമ്മവന്നത് .പൂങ്കുയിലിൻെറ പാട്ടുകേൾക്കാൻ ഉൽസാഹവതിയായ ശ്രീകുട്ടിയെ പോലെയായിരിക്കുന്നു

ഞാനും .കൂട്ടുകാരോടൊത്ത് പുഴയിൽ നീന്തിക്കളിച്ചതും, മുറ്റത്തെ ഇലഞ്ഞിമരത്തിൽ ഊഞ്ഞാലാടിയതും,പാടത്ത് മീൻപിടിച്ചതും,തുമ്പി പിടിച്ചതും, വെള്ളത്തിൽ പടക്കം പൊട്ടിച്ചതും,വിഷുപക്ഷിപാട്ട്

കേട്ടതും,മഴയിൽനനഞ്ഞതും,തേന്മാറും മാമ്പഴക്കാലവും ഓണത്തിന് പൂതൊട്ടിയുമായി പൂക്കൾ പറക്കാൻ പോയതും പാടത്ത് കൊറ്റികൾ വട്ടമിട്ടുപറന്നതും

ഞാനും പാട്ടും,തേക്കുപാട്ടും എല്ലാം എൻെറ ഓർമ്മയെ കുളിരണിയിക്കുന്നു.ഇന്ന് എവിടെ നോക്കിയാലും കോൺക്രീറ്റ് കെട്ടിടങ്ങൾ മാത്രം കാണുന്ന ഈ പുതു തലമുറയക്ക് ഇതെല്ലാം ഒരു പുതിയ അറിവായി തോന്നാം.വായിക്കുന്തോറും രസകരമായിതന്നെ തോന്നും വിധമാണ് ഇതിൻെറ ആവിഷ്ക്കാരം. ആദ്യം വായിക്കുമ്പോൾ കുട്ടികൾക്ക് വേണ്ടി എന്ന് തോന്നാം അദ്ധ്യാപകരായ ഓരോരുത്തരും വായിക്കോണ്ടതാണിത്.കുട്ടികൾക്ക് ജീവനായ രമേഷ് സാർ ഇതിലെ ഒരു പ്രധാന കഥാപാത്രമാണ് സാർ കുട്ടികൾക്ക് ജീവനാണ്.കുട്ടികൾക്ക് ഉണ്ടാകുന്ന

സംശയങ്ങൾക്ക്ഉത്തരം നൽകി കുട്ടകളുടെ പ്രിയപ്പെട്ടവനായി രമേഷ് സാർ ഓരോ നിമിഷവും മാറുന്നു.ഗ്രാമത്തിലെ ഏന്ത് പ്രശ്നത്തിനും സാർ പരിഹാരം കാണുന്നു.എപ്പോഴും അവരുടെ ഒപ്പമുള്ള രമേഷ് സാർ കുട്ടികൾക്ക് വളരെയേറെ പ്രിയപ്പെട്ടവനാണ് .

ഉദാ:ഒരിയ്ക്കൽ മരം വെട്ടുന്നതിനുവേണ്ടിവന്ന കാട്ടുകൊള്ളക്കാരുടെ വലയിൽ അകപ്പെട്ട സാറിനെ ര-ക്ഷിക്കാൻ ശ്രീകുട്ടിയുടെ വാക്കുകൾ ഈ ഞങ്ങളെ ആരോരുമില്ലാതെ കാട്ടിലകപ്പെട്ട ഈ ഞങ്ങളെ, ഞങ്ങളുടെ സാറിനെ ആരു രക്ഷിക്കും ? ഇതിൽ നിന്നും മനസ്സിലായത് ഗുരു-ശിഷ്യ ബന്ധം അത്രമാത്രം ദ്റ്ഢമാണ് എന്നുള്ളതാണ്. സാർ കുട്ടികൾക്ക് എപ്പോഴും

സമ്മാനങ്ങൾ നൽകുമായിരുന്ന രമേഷ് സാർ തൻെറ പഠനം ക്ലാസ് മുറിയിൽ മാത്രം ഒതുക്കിനിർത്തിയിരുന്നില്ല കണ്ട് അറിയാനും തൊട്ടറിയാനും സാർ കുട്ടികളുമായി പ്രക്രതി പഠനം നടത്തുമായിരുന്നു തരംഗങ്ങൾ എന്നതിനെ കുറിച്ച് പഠിക്കാൻ നാട്ടു ചിറ എന്ന കുളത്തിൽ പോയി തരംഗങ്ങളും കണികകളും കുട്ടികളുടെ മനസ്സിൽ ഒരു മായാത്തചിത്രമായി കരിമ്പാ-

ട്ടുന്ന ചക്കുള വീട്ടിൽ പോയി ചക്ക് ആട്ടുന്നത് കാണിയ്ക്കുന്നു . പാടത്ത് പീലി വിരിച്ചാടുന്ന ഒരു നൃത്തവും കാണിച്ചുകൊടുത്തു 90 വയസ്സുള്ള ഒരു വൃദ്ധനെ ഗുഹയിൽ നിന്ന് രക്ഷിയ്ക്കുന്നു.ഇതെല്ലാം സാറിൻെറ നന്മ മനസ്സിനെ എഴുത്തുകാരി ഇവിടെ ചിത്രീകരിക്കുന്നു.സാറും ,ശ്രീകുട്ടിയും,കൂട്ടുകാരും ഈ നോവലിലെ അറിയപ്പെടുന്ന അപൂർവ്വ പ്രതിഭകളായി എപ്പോഴും തിളങ്ങി നിന്നിരുന്നു.

ആറ്റക്കിളിക്കുന്നിലെ അത്ഭുതങ്ങൾ എന്നും നിലനല്ക്കട്ടെ.

ഇതിൽ ആറ്റക്കിളിക്കുന്ന് എന്ന ഗ്രാമത്തെ സുന്ദരമായി ചിത്രീകരിച്ചിരിക്കുന്നു.പുതുതലമുറയെപഴമയിലേക്ക് കൊണ്ടുപോകുന്നു. ഗ്രാമത്തിലെ ഒരു സർക്കാർ സ്കൂളിനെ ഇതിൽ ഭംഗിയായി കാണിച്ചിട്ടുണ്ട്.ഒരു മാത്രികാഅദ്ധ്യാപകനെ ഇവിടെ കാണാം.സന്യാസിതുല്യരാണ് അദ്ധ്യാപകർ എല്ലാം ത്യജിച്ചവർ. സമൂഹത്തിനു വേണ്ടി ജീവിക്കുന്നവർ. ഈ നോവലിൽ ഗുരു-ശിഷ്യ പാരസ്പര്യം തുളുമ്പി നില് ക്കുന്ന രംഗങ്ങൾ ഉടനീളം കാണാം . സാമൂഹ്യപ്രതിബദ്ധതയുള്ള എഴുത്തുകാരി

തൻെറ     തൂലികയിലൂടെ ഇതെല്ലാംവരച്ച്

കാണിച്ചിട്ടുണ്ട്.സമൂഹത്തിൻെറ ഉന്നതിക്കു വേണ്ടി നമ്മുടെ

വായനാവീട് ഉപകരിയ്ക്കട്ടെ എന്ന് ആശംസിച്ച് കൊണ്ട്

നിർത്തട്ടെ.




# പഠന വൈകല്യം എങ്ങനെ നേരിടണം

ലിമി ഡാൻ

റിസോഴ്സ് ടീച്ചർ

1.പഠന വൈകല്യമുള്ള കുട്ടികളെ ഒരിക്കലും അതിന്റെ പേരിൽ ശിക്ഷിക്കരുത്.ക്ഷമയോടെ അവന്റെ കുറവുകളെ നേരിടുക.കുറ്റപ്പെടുത്താതിരിക്കുക ചെറിയതെങ്കിലും മികവുകളെ പ്രോത്സാഹിപ്പിക്കുക.ധൈര്യം കൊടുക്കുക.

2.ദിനചര്യകൾ സമയക്രമം നിശ്ചയിച്ച് അത് ചെയ്യാൻ കുട്ടികളെ പ്രേരിപ്പിക്കണം .

3.കുട്ടിക്ക് അനുയോജ്യമായ.പഠന രീതി കണ്ടെത്തുക.

4.എല്ലാം എഴുതി പഠിക്കാൻ പറയുന്നതിനു പകരം ചോദ്യങ്ങളിലൂടെയും ദൈനംദിന ജീവിതത്തിൽ കാണുന്ന അനുഭവ പാഠങ്ങളിൽ നിന്നും കാര്യങ്ങൾ മനസ്സിലാക്കാൻ പരിശീലിപ്പിക്കുക.

5.ചില കുട്ടികൾക്ക് സമയത്തെക്കുറിച്ചുള്ള ധാരണ കുറവായിരിക്കും.അവരെ സമയബന്ധിതമായി കാര്യങ്ങൾ ചെയ്തു തീർക്കാൻ പരിശീലിപ്പിക്കുക.

6.കാര്യങ്ങൾ ഗ്രഹിക്കാൻ പ്രയാസമുള്ള കുട്ടികൾക്ക് അവരുടെ മറ്റ് ഇന്ദ്രിയങ്ങളെ കൂടി ഉദ്ദീപിപ്പിക്കുന്ന തരത്തിൽ പഠിപ്പിക്കുവാൻ ശ്രമിക്കുക. ഇതിനായി പ്ലക്കാർഡുകളും ചിത്രങ്ങളോ വീഡിയോയോ ഉപയോഗിക്കാവുന്നതാണ്.

7.ഒരേ സമയം പല നിർദ്ദേശങ്ങൾ കുട്ടിക്ക് നൽകാതിരിക്കുക..ചെറുതും ലളിതവുമായ നിർദ്ദേശങ്ങൾ നൽകുക.

8.ഒരു കാരണവശാലും മറ്റുള്ളവരുടെ മുന്നിൽ വച്ച് അവരെ താരതമ്യം ചെയ്ത് സംസാരിക്കാതിരിക്കുക.

9 ഏൽപിച്ച ജോലികൾ പ്രതിക്ഷിച്ച സമയത്ത് കുട്ടിക്ക് ചെയ്തു തീർക്കാൻ സാധിക്കാതെ വന്നാൽ അവനെ വഴക്ക് പറയുകയും കുറ്റപ്പെടുത്തുകയും ചെയ്യാതിരിക്കുക

10.കുട്ടിയുടെ താൽപര്യങ്ങളും അഭിരുചിയും അനുഭവങ്ങളും അവരുടെ പഠനത്തിൽ ഉൾപ്പെടുത്തുക

**വിത**

# അമ്മയെന്ന മഞ്ഞുതുള്ളി



അനുജ എം ആർ
ക്ളാസ് X

മനസ്സിലെ തീക്കനൽ ആറി അണയുവാൻ
വാക്കുകൾ തീർക്കും കുളിര്.

മാനത്തെ ഊഷ്മാവിനെ പാറിപ്പറപ്പിക്കും
പ്രകൃതി തൻ വരദാനം തണുപ്പ്.

നീറുന്ന വാക്കിനെ പൂവാക്കി മാറ്റുന്ന
ആശ്വാസ രൂപത്തിൽ മനസ്സ്.

ലോകത്തെ പ്രശ്നങ്ങൾ മറക്കുന്ന
വ്യക്തിതൻ നിറവിൽ നിന്നുയരുന്ന കുളിരേകും വാക്കിനാൽ.

കുളിരായി ,നിറവായി,ആശ്വാസമായി
കാറ്റിന്റെ രൂപത്തിൽ വരുന്നു.

മുറിവേറ്റ ശരീരത്തിൽ നീറ്റൽ അകറ്റുന്ന
തണുപ്പാർന്ന ഓർമകൾ മൂലം.

എന്നാൽ ചിലരുടെ ശരീരം തണുപ്പാർന്ന് മരവിച്ചാലും
അവരുടെ ഉള്ളിലെ തീക്കനൽ മറക്കാൻ കഴിയുമോ.

ആ വേദനയിലും എന്തോ മറന്നു  ഞാൻ
അമ്മയുടെ കുളിരുള്ള വാക്കുകളാണോ.

അന്നെന്റെ കാലിലേറ്റ മുറിവിനേക്കാളും
വേദനയാണിന്നെനിക്ക്.

മഞ്ഞിന്റെ കാഠിന്യം ഏറിയ തണുപ്പ്
 എങ്ങോ അകലേക്ക് പാറി പറന്നുപോയി .

ആ തണുപ്പിന്റെ സാന്നിധ്യം ഇന്നും ഞാൻ ആഗ്രഹിക്കുന്നു

**എന്നാൽ സത്യം അറിഞ്ഞിട്ടും അമ്മ എന്ന ആ കുളിര് ഇനിയും തിരികെ വരില്ല .**



അമൃത പി എസ്
ക്ളാസ് X

# പ്രളയാനന്തര കേരളം

കാർമേഘങ്ങൾ നിർത്താതെ കരഞ്ഞതിൻെറ ഫലമായി കേരളം കണ്ണീർ പുഴയിൽ മുങ്ങി താണു.ആ കണ്ണീർപ്പുഴയിൽ നിന്നും കരകയറാൻ നാം ഒരുപാട് വൈകി,അതുപോലെ തന്നെ നാം എല്ലാവരും ഒരുമിച്ച കൈകോർത്തു.ഇതിൻെറ ഫലമായിട്ടാണ് നാം ഇന്ന് കാണുന്ന കേരളം നമുക്ക് വീണ്ടെടുക്കാനായത്.എന്നാലും പല സ്ഥലങ്ങളും കുടുംബങ്ങളും ഇപ്പോഴും വെള്ളത്തിൽ മുങ്ങിയും ദുരിതമനുഭവിച്ചും കഴിയുന്നു.

ഈ കണ്ണീർമഴ നാമോരോരുത്തർക്കും നികത്താനാകാത്ത നഷ്ടമുണ്ടാക്കിയിട്ടാണ് ശമിച്ചത്. നാം അത്രയും നമ്മുടെ പ്രകൃതിയെയുയും ഭൂമിയെയും വേദനിപ്പിച്ചു.ആ വേദനകളെല്ലാം ഒന്നായ് കരഞ്ഞു തീർത്തതാണ് പ്രകൃതി.ഓരോ പ്രാവശ്യവും നാം പ്രകൃതിയെ ചൂഷണം ചെയ്തപ്പോൾ അവർ വിങ്ങിപ്പൊട്ടി നിന്നു.എന്നാൽ ഒരു നാൾ പൊട്ടി കരഞ്ഞതിൻെറ ഫലമാണ് നാം കണ്ട ഈ പ്രളയം.

**ഈ പ്രളയക്കെടുതിയിൽ നാം ഓരോ മനുഷ്യ ജീവനേയും രക്ഷിച്ചത് മത്സ്യബന്ധന തൊഴിലാളികളും ഇന്ത്യൻ നേവിയും നമ്മുടെ നാട്ടുകാരുമാണ്.നമ്മുടെ പഴയ കേരളത്തെ വീണ്ടെടുക്കാനായി മുഖ്യ മന്ത്രിയുടെ ദുരിദാശ്വാസനിധിയും നവകേരളം തുടങ്ങിയ പദ്ധികൾക്കും**

**തുടക്കം കുറിച്ചു. അതിൽ ഭാഗമായത് പ്രവാസികളും,വിദേശികളുമടക്കം നിരവധി അനവധി പേരാണ്. പ്രളയക്കെടുതിയിൽ നിരവധി വ്യാപാരികൾക്ക് കോടികൾകളുടെ വരെ സംഭവിച്ചു.നിരവധി പേർക്ക് വീടുകൾ നഷ്ടമായി ,ജന്തുക്കൾ ചത്തുപോയി എന്നിങ്ങനെ വിവരിക്കാനാകാത്ത നാശ നഷ്ടങ്ങളാണുണ്ടായത്.**

കവിത

# ഒരിക്കലും മായാത്ത തണുപ്പ്



അബിജിത്ത് സദിസ്
ക്ളാസ് X

അമ്മ മയങ്ങിക്കിടക്കുന്ന മെത്തയിൽ
ദീർഘമായി വായുവിനെ പുണർന്നുകൊണ്ട്
തണുക്കുന്നുണ്ടാവും പാവമാ വൃദ്ധയ്ക്ക്
ഒരു കമ്പിളിപോലുമില്ലതെ ആ ഒറ്റമുറിയിൽ
മങ്ങിപ്പഴകിയ അമ്മതൻ കണ്ണുകൾ
ഏറെ പണിപ്പെട്ടടച്ചു തുറന്നവർ
കാഴ്ചയില്ല ശ്രവണ ശക്തിയുമില്ല
ഏകാന്തത മാത്രം ദീർഘമായ ഏകാന്ത
മങ്ങിയ ശബ്ദത്തിൽ അവരതാ കേൾക്കുന്നു
മക്കൾ തൻ ചങ്ങാതിമാരുടെ ആഘോഷം
മെല്ലെ അമ്മ തൻെറ ഓർമകളിലേക്കൊന്നു
വഴുതി
താളം തെറ്റിയ ആ മങ്ങിയ മനസ്സിൽ
അതാ അമ്മ കാണുന്നു തൻെ
ആഘോഷങ്ങളിൽ നിന്നും

തൻെറ മക്കൾക്കായി മാറി നിന്ന തന്നെ

അതാ അമ്മ കാണുന്നു തൻെറ മകൻ

തണുത്തുവിറച്ചപ്പോൾ അവനായി തൻെറ

കമ്പിളി നൽകിയത്

അങ്ങനെ എല്ലാം അവരുടെ

സുഖങ്ങൾക്കായി മാറ്റി വച്ച അമ്മയെ അമ്മ

കാണുന്നു

അമ്മയുടെ കണ്ണുകളിൽ നിന്നും ഓർമകളിൽ

തണുപ്പാൽ മായാത്ത കണ്ണുനീർ ഒഴുകി

എന്നാൽ അതു തുടയ്ക്കാൻ ആ കൈകൾ

പൊങ്ങിയില്ല

അമ്മ തൻെറ അവസാന ശ്വാസവും എടുത്തു

കഴിഞ്ഞു

അവരുടെ നിശ്വസവായുവിന് കനവിൻെറ

സഹനത്തിൻെറ തണുപ്പ്

ദൂരെനിന്നും ഒഴുകിവന്ന നനുത്തകാറ്റ്

കണ്ണുനീർ ഉണക്കി

അമ്മുടെ അവസാന കണ്ണുനീർ തുടയ്ക്കാൻ

ആ തണുത്ത കാറ്റിന് കഴിഞ്ഞു

മലകയറി,കുന്നിറങ്ങി ചൂളമടിച്ചു വന്ന ആ

തണുത്തകാറ്റ്റ്റിയ ആ മങ്ങിയ മനസ്സിൽ

അതാ അമ്മ കാണുന്നു തൻെ

ആഘോഷങ്ങളിൽ നിന്നും

തൻെറ മക്കൾക്കായി മാറി നിന്ന തന്നെ

അതാ അമ്മ കാണുന്നു തൻെറ മകൻ

തണുത്തുവിറച്ചപ്പോൾ അവനായി തൻെറ

കമ്പിളി നൽകിയത്

അങ്ങനെ എല്ലാം അവരുടെ

സുഖങ്ങൾക്കായി മാറ്റി വച്ചു അമ്മയെ അമ്മ

കാണുന്നു

അമ്മയുടെ കണ്ണുകളിൽ നിന്നും ഓർമകളിൽ

തണ്ണുപ്പാൽ മായാത്ത കണ്ണുനീർ ഒഴുകി

എന്നാൽ അതു തുടയ്ക്കാൻ ആ കൈകൾ

പൊങ്ങിയില്ല

അമ്മ തൻെറ അവസാന ശ്വാസവും എടുത്തു

കഴിഞ്ഞു

അവരുടെ നിശ്വസവായുവിന് കനവിൻെറ

സഹനത്തിൻെറ തണുപ്പ്

ദൂരെനിന്നും ഒഴുകിവന്ന നനുത്തകാറ്റ്

കണ്ണുനീർ ഉണക്കി

അമ്മുടെ അവസാന കണ്ണുനീർ തുടയ്ക്കാൻ

ആ തണുത്ത കാറ്റിന് കഴിഞ്ഞു

മലകയറി,കുന്നിറങ്ങി ചൂളമടിച്ചു വന്ന ആ

**തണുത്തകാറ്റ്**

കവിത



ഗണേഷ് ഭട്ട്
ക്ലാസ് VII B

# തണലേത്

ആരെ ഞാൻ തണലായി വിളിക്കണം?
പറയൂ നീ....
ആരെ ഞാൻ തണലായി വിളിക്കണം?
എൻ കുടുംബത്തിലെ തണൽ അച്ഛനും അമ്മയും
ജീവിത തണൽ എൻ ഗുരുനാഥനും
ജീവിതമാകുന്ന ഈ മരുഭൂമിയിൽ
ആരെ...ഞാൻ തണലായി വിളിക്കണം?
എന്താണെന്തൊണീ ജീവിത തത്ത്വം
ആരാണെൻ യഥാർത്ഥ തണൽ?
ജീവിതമാകുന്ന ഈ മരുഭൂമിയിൽ
അറിവായ വൃക്ഷമാണെൻെറ തണൽ.
മഴക്കാലത്ത് തവളയ്ക്കു കൂണാണ് തണൽ
ചൂടുകാലത്ത് തവളയ്ക്ക് ചെടിയാണ് തണൽ
ആരെ ഞാൻ തണലായി വിളിക്കണം?
**പറയൂ നീ..........**

ചിന്മയി



# മനുഷ്യൻ എങ്ങോട്ട്?

ജീവന്റെ വളർച്ചയിൽ എറ്റവുംഒടുവിലത്തെ കണ്ണിയാണ് മനുഷ്യൻ എന്നുകരുതുന്നു.പ്രതികൂലസാഹചര്യങ്ങളെ നേരിട്ടും ചിന്തലിച്ചും നേടിയ അറിവുകൾ ക്രമമായി അടുക്കിവയ്ക്കാനും അവയിൽനിന്ന് പുതിയ പാഠങ്ങൾ തേടാനുമുള്ള കഴിവ് മനുഷ്യൻ നേടിയതാണ് ഇന്നുണ്ടായിട്ടുള്ള എല്ലാ വികസനങ്ങളുടെയും അടിസ്ഥ്നം.ശാസ്ത്രത്തിന്റെ വളർച്ച മനുഷ്യനെ പരീക്ഷണ ശാലയിൽ ജീവൻ സൃഷ്ടിക്കാമോ എന്നുള്ള ആശയത്തിലെക്ക് നയിച്ചു.

പ്രകൃതിയുടെ നിയമങ്ങൾക്കു വിരുദ്ധമായി ഒരു ജീവകോശത്തിൽ നിന്ന് മറ്റൊരു ജീവൻ സൃഷ്ടിക്കാം എന്ന ക്ളോണിങ്ങിലൂടെ മനുഷ്യൻ തെളിയിച്ചു.1996 ൽ ഇംഗ്ലണ്ടിൽ ഡോളി എന്ന ക്ലോൺ ആടിനെ സൃഷ്ടിച്ചതോടെജീവന്റെ കഥയിലെ പുതിയ ഒരു അധ്യായം തുടങ്ങി. എന്നാൽ,ഇനിയുള്ള ജീവന്റെ പരിണാമം എങ്ങനെയായിരിക്കും?

പ്രതികൂല പരിതസ്ഥിതികളാണ് കോയസർവേറ്റുകൾ മുതൽ മനുഷ്യൻ വരെയുള്ള ജീവികളെ സൃഷ്ടിച്ചത്.അതോടെ ആധുനിക മനുഷ്യന്റെ ആരംഭമായി. ജീവന്റെ ഉൽപത്തിയും വളർച്ചയുംഅന്വേഷിച്ചുതുടങ്ങിയ മനുഷ്യൻ കൃത്രിമമായി ജീവൻ സൃഷ്ടിക്കാനുള്ള ശ്രമങ്ങളിൽ എത്തിനിൽക്കുന്നു ആധുനിക മനുഷ്യന്റെ കഥ അതിന് പക്ഷേ, ജൈവപരിണാമവുമായി ബന്ധമൊന്നുമില്ല എന്നു മാത്രം.

ആസ്വാദനക്കുറിപ്പ്



നീനു റ്റി ബിജു
ക്ളാസ് V

## കാളിയും ചേരപാമ്പും

സായി വിറ്റേക്കറുടെ ലളിതവും മനോഹരവുമായ കഥയാണ് "കാളിയും ചേരപ്പാമ്പും". കുട്ടികളുടെ ഹൃദയം വളരെ എളുപ്പത്തിൽ കവർന്നെടുക്കുന്ന ഒരു കഥ കൂടിയാണിത്.അധ്യാപക വൃത്തിയിലേർപ്പെട്ടിരിക്കുന്ന സായി വിറ്റേകർക്ക് കുട്ടികളുടെ മനസ്സ് അറിയാം. അതിനാൽ തന്നെയാണ് അദ്ദേഹം ഇതുപോലെ ലളിവും സുന്ദരവുമായ ഒരു രചനാ ശൈലി സ്വീകരിച്ചത്.വിറ്റേക്കറുടെ ഭാവനക്ക് പുറമേ ശ്രീ വിദ്യ നടരാജൻെറ അതിമനോഹരമായ ചിത്രങ്ങളും കുരുന്നു ഹൃദയങ്ങെ ആകർഷിക്കുന്നതാണ്.പുസ്തകത്തിനു പുറമേ നമ്മുടെ മനസ്സിലും അവർ ചായക്കൂട്ടുകൾ ചാലിച്ച് വർണ്ണങ്ങൾ വാരി വിതറുന്നു.കാളിയും ചേരപ്പാമ്പും എന്ന വിറ്റേക്കറുടെ കഥകളി എന്ന കൊച്ചു കുട്ടിയുടെ കഥയാണ്.ഇരുളർ വിഭാഗത്തിൽപ്പെട്ട അവൻെറഅച്ഛൻ ഒരു പാമ്പാട്ടിയായിരുന്നു.എന്നിരുന്നാലും അവൻെറ സഹപാഠികൾക്ക് അവനോട് ഒരു മതിപ്പുണ്ടായിരുന്നില്ല.അവനോട് കൂട്ട്കൂടാൻ തന്നെ ആരും തയ്യാറായില്ല.അവനെ എല്ലായിടത്തു നിന്നും മാറ്റി നിർത്താൻ ശ്രമിച്ചു.എന്നാൽ തനിക്കും മറ്റുള്ള കുട്ടികളെ പോലെ

കൂട്ടുകൂടണമെന്നും കൂട്ടുകാർ വേണമെന്നും ആ പിഞ്ചുമനസ്സിന് മോഹമുണ്ടായിരുന്നു.എന്നാൽ കാണാൻഭംഗിയില്ലാത്ത,ഇരുണ്ട നിറത്തിലുള്ള,അതിലുപരി ഒരു പാമ്പാട്ടിയുടെ മകനായ അവനെ ആരും ചേർത്തുപ്പിടിച്ചില്ല .ഒരു വിചിത്ര ജീവിയായാണ് ഏവരും അവനെ കണ്ടത്.ഇങ്ങനെയുള്ള കാളിക്ക് എങ്ങനെ കൂട്ടുകാരുണ്ടാവാൻ?.

അവൻെറ ജീവിതമെല്ലാം തികച്ചും കാടിനുള്ളിലായിരുന്നു.മണ്ണിനെയും,മരത്തെയും ജന്തുജാലങ്ങളെയും അറിയാവുന്നവനാണ് കാളി.കാളിയുടെജീവിതത്തിൽ നിറഞ്ഞു നിൽക്കുന്നത് വന ജീവിതക്കിൻെറ ചാരുതയും വൈദഗ്ദ്ധ്യവുമാണ്.അവയുടെ അംഗീകാരത്തിൻെറയും തനിമയുടെയും പ്രശ്നങ്ങളിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലുകയാണ് ആകാംക്ഷാനിർഭരമായ ഈ കഥയിൽ സായി വിറ്റേക്കർ.

സ്കൂളിൽ പഠിക്കാനെത്തുന്ന കാളിയെ കൂട്ടുകാരൊന്നും കൂട്ടത്തിൽ കൂട്ടുന്നില്ല.കാളിയോടുള്ള വെറുപ്പ് ദിനം പ്രതി കൂടി വന്നതല്ലാതെ അതിനൊരു കുറവും സംഭവിച്ചില്ല.അങ്ങനെയിരിക്കെയാണ് ഒരു ദിവസം ക്ലാസ്സ് മുറിയിൽ ഒരു പാമ്പ് എത്തുന്നതും ആ പാമ്പിനെ കണ്ട് കുട്ടികളെല്ലാം ഭയന്നോടുന്നതും.എന്നാൽ കാളി അതിനെ ധൈര്യപൂർവ്വം പിടികൂടുകയും തുടർന്ന് എല്ലാ കുട്ടികളുടെയും ആരാധനാപാത്രമായി കാളി മാറുന്നു,ഏവരുടെയും ഉറ്റചങ്ങാതിയായി മാറുന്നു.

നമ്മൾ അവഗണിച്ച മാറ്റി നിർത്തുന്നവരായിരിക്കും നമുക്ക് ഒരവസരത്തിൽ തുണയായെത്തുന്നത് എന്ന് ഈ കഥ  നമ്മെഓർമ്മിപ്പിക്കുന്നു.നിറവും തൊഴിലും ഒന്നും അല്ല

മനുഷ്യന്റെ മനസ്സാണ് നാം കാണേണ്ടത് എന്ന് വിളിച്ച് പറഞ്ഞുകൊണ്ട് വിറ്റേക്കറുടെ ഈ കഥ അവസാനിക്കുന്നു.

കവിത


## അമ്മ



പ്രണവ്
ക്ളാസ് VII B

അമ്മയല്ലാതാരുമില്ലാശ്രയം
ഒരു കുഞ്ഞു മനസ്സിൽ പെയ്യുന്ന
കുളിർമഴയാണമ്മ
അമ്മയ്ക്ക മാത്രമല്ലാർക്കുമെ
ചെന്നെടുത്തുമ്മവച്ചീടുവാൻ തോന്നും
എൻെറ ലോകമായ്
എൻെറ ഭൂമിയായ്
നിത്യ സ്നേഹമായ് അമ്മ
തണലായ്
വെയിലായ്
കാറ്റായ് കൂടെയുണ്ടെന്നും
അമ്മയാണെൻ സ്നേഹവാൽസല്യം.

ചിന്മയി





അഭിജിത് സതീഷ്
ക്ലാസ് X

# തോരാമഴ

നേരം സന്ധ്യയായി. വഴി വിളക്കുകൾ ഓരോന്നായി തെളിയാൻ തുടങ്ങി. സൂര്യസമാനമായി അവ ഭൂമിയിൽ വെളിച്ചം വീശാൻ തുടങ്ങി. മാനം കറുത്തിരുന്നു. ചെറുതായി ചാറ്റൽമഴയും
ഉണ്ടായിരുന്നു. റോഡിലെ ചെറിയ വലിയ കുഴികളിൽ മുൻപ് പെയ്തു പോയ മഴയുടെ
അടയാളങ്ങളുണ്ടായിരുന്നു. അവയ്ക്ക് എന്തൊക്കെയോ പറയാനുണ്ട്. കുറേ മനുഷ്യരുടെ കൂട്ട നിലവിളികളും തേങ്ങലുകളും ആ അടയാളങ്ങളിൽ നിന്നു മനസ്സിലാക്കാം. പെട്ടെന്ന്
ആ ചെളിക്കുഴിയിൽ ഓളങ്ങളുണ്ടാക്കിക്കൊണ്ട് ഒരു കൊച്ചുകുട്ടി മെല്ലെ നടന്നു പോയി.

അവന്റെ കുഞ്ഞു പാദങ്ങൾ നഗ്നമായിരുന്നു. അതിൽ രക്തവും അവശതയും,സങ്കടവും,വിങ്ങലും
തളം കെട്ടിക്കിടന്നിരുന്നു.കഷ്ടിച്ച് ഒമ്പതു വയസ്സ് പ്രായം മാത്രമേ അവനുള്ളൂ.രണ്ടും മൂന്നു

മുടികൾ അവൻെറ വിളറി വീർത്ത മുഖത്തേക്ക പരന്ന
കിടന്നിരുന്നു.അവൻെറ കവിൾത്തടത്തിലൂടെ ഒഴുകിയ
കണ്ണുനീർചാലിൻെറ പാടിനെ ആ ചാറ്റൽമഴ മറച്ചു. പതുക്കെ നടന്നു
നടന്ന് അവൻ ജങ്ഷനിലെത്തി. ജങ്ഷനിലെ വഴിവിളക്കിൻെറ
അരണ്ട വെളിച്ചത്തിൽ അവൻ അടുത്തുള്ള ഒരു ബോർഡ് കണ്ടു .അത്
തൻെറ
സ്കൂളിൻേറതായിരുന്നു അതിലെ പേര് . ബോർഡിലെ അക്ഷരങ്ങൾ
അവന് നേരിയ
തോതിൽ ആശ്വാസവും ഉളവാക്കി.അവൻ ആ വിദ്യാലയത്തിൻെറ
കവാടം പിന്നിട്ട്
മുന്നോട്ട് നടന്നു.ട്യൂബ് ലൈറ്റുകളിലെ ശ്വേത വർണ്ണം അവന്
വഴികാട്ടി.അവൻ നടന്ന്
ഒരു വലിയ മുറിയിലേക്ക കയറി. കയറിയ നിമിഷം അവൻെറ
കാതുകളിൽ ബാങ്കു വിളിയുടെ
ശബ്ദം മുഴങ്ങി. തനിക്ക നിസ്കാരത്തിൻെറ ആദ്യപാഠം പറഞ്ഞു തന്ന
ബാപ്പയെ അവനോർത്തു. ആ നിമിഷം കവിൾത്തടത്തിലൂടെ കണ്ണുനീർ
ഒഴുകി.അവൻ തൻെറ കുഞ്ഞുകൈകൾ മുകളിലേക്കുയർത്തി.മെല്ലെ
അവൻ മുകളിലേക്ക നോക്കി.പൊട്ടിയ ഓടിൻെറ വിടവിലൂടെ
അവൻ പുറത്തു പെയ്യുന്ന മഴയുടെ തണുപ്പറിഞ്ഞു.അപ്പോഴേക്കും മഴ
കനത്തിരുന്നു. എവിടെ നിന്നോ വന്ന തണുത്ത് കാറ്റ് അവനെ
തഴുകി.അവൻെറ കണ്ണുനീരിനെ ഉണക്കി.
അവൻ ആ മുറിയിലേക്ക കടന്നു.വലിയ ഒരു മുറി . അവൻ ചുറ്റിലും
നോക്കി . അവൻ

അറിയുന്നതും അവനെ അറിയുന്നതുമായ കുറേ പേർ അവിടെ ഉണ്ടായിരുന്നു ചിലർ
എന്തൊക്കെയോ ചെയ്യുന്നു.അവനൊന്നും മനസ്സിലായില്ല .കൂട്ടം തെറ്റിയ ഒരാട്ടിൻകുട്ടിയെ പോലെ അവൻ അവർക്കിടയിൽ നിന്നു.എന്നാൽ ആ ആട്ടിൻകുട്ടിക്ക് ഒരു ജാതിയുണ്ടായിരുന്നു.അവൻ കാതോർത്തു. ചില കോണുകളിൽ എല്ലാം നഷ്ടപ്പെട്ട് പരസ്പരം
നോക്കി വിതുമ്പുന്നുണ്ടായിരുന്നു.താനും അവടെയാണ് ചെല്ലേണ്ടതെന്ന് അവന് തോന്നി.
എന്നാൽ അവന് അങ്ങോട്ട് ചലിക്കുവാൻ സാധിച്ചില്ല.അടുത്തു കിടന്ന ഒരു ഒഴിഞ്ഞ കട്ടിലിലേക്ക് അവൻ തന്നെ പ്രതിഷ്ഠിച്ചു.വിളറി വീർത്ത തൻെറ കുഞ്ഞു മുഖത്ത് തൻെറ
കൈപടം ഓടിച്ചു കൊണ്ട് അവൻ കണ്ണുകളടച്ചു.മെല്ലെ ഓർമ്മയിലേക്കാണ്ടു.ആദ്യം അവൻെറ ഓർമ്മയിലേക്കു വന്നത് തൻെറ ബാപ്പയായിരുന്നു.നിസ്കരിക്കാനും,ഇടത്തോട്ട്
മുണ്ടുടുക്കാനും,വലവീശാനും അവനെ പഠിപ്പിച്ച അവൻെറ ബാപ്പ.രാത്രിയിൽ
ചോറിന് തനിക്കായ് എന്നും "കൊഴുവ ''കൊണ്ടുവരുന്ന തൻെറ ബാപ്പ.പെട്ടെന്ന്
അവൻെറ മനസ്സിൽ ആ വാക്കു മുഴങ്ങി. കൂട്ടുകാർ അവനെ കളിയാക്കി വിളിക്കുന്ന ഇരട്ടപേര്.ഇത് കേൾക്കുമ്പോൾ അവൻെറ മനസ്സ് വിറയ്ക്കുമായിരുന്നു.
ദേഷ്യം കൊണ്ട്.എന്നാൽ അവൻെറ ബാപ്പ പറയുമായിരുന്നു ഒരു മീൻകാരനാണെന്ന്

നീ അപമാനിക്കപ്പെടുമ്പോൾ അതേ പേരിൽ ഒരിക്കൽ നീ
അഭിമാനിക്കും. ആ
വാക്കുകളിലെ പൊരുൾ അവന് അന്ന് മനസ്സിലായിരുന്നില്ല.ദിവസങ്ങൾ
കഴിഞ്ഞു പോയി നാടെങ്ങും പ്രളയത്തിൻെറ ഭീതിയിൽ.പ്രളയത്തിൻെറ
തീഷ്ണത കത്തി
നിൽക്കുന്ന ദിവസങ്ങൾ.തന്നെയും ഉമ്മയെയും തനിച്ചാക്കി ബാപ്പ രക്ഷാ
പ്രവർത്തനത്തിനു പോയത് അവൻ തന്റെ ഓർമയിലേക്ക് കൊണ്ടു വന്നു
.അന്നു തോരാതെ മഴ പെയ്തിരുന്നു.തന്നെ കെട്ടിപ്പിടിച്ച ഉമ്മ
അള്ളാഹുവിനെ പ്രാർത്ഥിച്ചത് അവൻ ഓർത്തു.അന്നു പെയ്ത തോരാമഴ
എന്തിന്റെയോ അവസാനമായിരിന്നു.പിറ്റേ ദിവസം കൂട്ട നിലവിളി
കേട്ടാണ് അവൻ എഴുന്നേറ്റത് .ചെന്നു നോക്കുമ്പോൾ അവൻ കണ്ടത്
രണ്ടു ഖബറുകൾ തന്റെ വീട്ടിൽ നിന്നും കൊണ്ടു പോകുന്നതാണ്.തളർന്ന
കണ്ണുകൾക്ക് ആ കാഴ്ച മങ്ങലായിരുന്നു.അവിടെ കൂടിയിരുന്നതിൽ
അയൽപ്പക്കത്തെ ഒരു താത്ത അവനെ വാരിയെടുത്ത് അവനോട്
പറഞ്ഞു മോനെ ന്റെ ബാപ്പയും ഉമ്മയും എന്തുപറ്റി?അബര്
പോയി.അവൻ ചോദിച്ചു .എങ്ങട്ട് പോയി .പടച്ചോൻെറ
അടുത്തേക്ക്.അവൻ അലറി കരഞ്ഞു
കൊണ്ട് മയ്യത്ത് കട്ടിലിന്റെ പിന്നാലെ ഓടി.വീട്ടിൽ കൂടി നിന്നവരിൽ
ചിലർ അവനെ തടഞ്ഞു.തനിക്ക് ആകാവുന്ന ശക്തിയിൽ അവൻ
അവിടെ നിന്നും പോകാൻ ശ്രമിച്ചു.
എന്നാൽ അവനത് കഴിഞ്ഞില്ല.അവശനായ
അവൻനിലത്തേക്ക്അമർന്നു.
ആൾക്കൂട്ടത്തിനിടയിൽ നിന്നും അവൻ കേട്ടു
"എന്ത് ചെയ്യാനാ ഇന്നലെ രാത്രി രക്ഷാ പ്രവർത്തനത്തിന്
പോയതാ.ഇന്നലത്തെ

ആ കാറ്റും മഴയും അബ്ദുന്റെ ജീവനും കൊണ്ടുപോയി.ഓന്റെ കെട്ട്യോള്
ഓൻ പോയ പെറകെ അങ്ങ് പോയി.താങ്ങാൻ പറ്റിയില്ല ഓൾക്ക്.പാവം
ഈ മോന്റെ കാര്യം കഷ്ടായത്.'' സഹതാപ വാക്കുകൾ അവന്റെ
കാതിൽ അലയടിച്ചു. ആ അലയടികൾ
അവന്റെ കണ്ണുകളെ നനയിക്കുന്ന തരത്തിൽശക്തമായിരുന്നു.പെട്ടെന്ന്
ഒരാൾ തന്റെ തോളത്തു തട്ടി.അവൻ തന്റെ ഓർമയിൽ
നിന്നും ഉണർന്നു.കണ്ണു തുറന്നുനോക്കിയപ്പോൾ
മുന്നിൽ ശ്വേതവസ്ത്രമണിഞ്ഞ ഒരു മധ്യവയസ്കൻ.അവൻ അദ്ദേഹത്തെ
മുമ്പ്
കണ്ടിട്ടുണ്ട്.അന്ന് തന്റെ അച്ഛനും അമ്മയും
മരിച്ച ദിവസം അദ്ദേഹം അവന്റെ വീട്ടിൽ
വന്നിരുന്നു.അവിടുത്തെ വാർഡ് കൗൺസിലറാണദ്ദേഹം.അദ്ദേഹം
അവനെ
തന്റെ ഇരു കൈകൾ കൊണ്ട് വാരിയെടുത്ത് ചേർത്തുനിർത്തി.അവന്റെ
ശരീരത്തിൽ പറ്റിയ ചെളി അദ്ദേഹത്തിന്റെ ഖദറിലേക്കും പരന്നു.
എന്നാൽ അദ്ദേഹമത് കാര്യമാക്കിയില്ല.
അദ്ദേഹത്തിന്റെ കണ്ണിൽ നിന്നും വീണ
കണ്ണുനീർ അവന്റെ നെറുകിൽ പതിച്ചു.
അതിന്റെ ചൂട് അവനറിഞ്ഞു.ഇടറിയ കണ്ഠത്താൽ അദ്ദേഹം അവനോട്
ചോദിച്ചു.
"നീ അബ്ദുന്റെ മകനല്ലെ?".ബാപ്പാന്റെ പേര് കേട്ട മാത്രയിൽ അവൻ
കരഞ്ഞു അവന്റെ കണ്ണുനീരിനെ അനുഗമിച്ച് പുറത്ത് ശക്തമായ
മഴയും പെയ്തിട്ടു.അവൻ മെല്ലെ തലയുയർത്തി നോക്കി.അദ്ദേഹം അവന്റെ
കണ്ണുകളിലെ വേദനയും ദു:ഖവും കണ്ടു.പെട്ടെന്നാണ് അവൻ മുറിയുടെ

വാതിൽ കടന്ന് നടന്നു വരുന്ന ഒരു സ്ത്രീയെ കണ്ടത്. അവരുടെ മുഖം അവൻ മുറിയുടെ അരണ്ട വെളിച്ചത്തിൽ കണ്ടു.അവരുടെ കണ്ണുകളിൽ ദു:ഖവും സ്നേഹവും നിറഞ്ഞിരുന്നു.അവനെ കണ്ട മാത്രയിൽ
ആ സ്ത്രീ അവനെ വാരിയെടുത്തു.അവന്റെ കവിളിൽ ചുംബിച്ചു.അവന്റെ കൈവിട്ടു കൊണ്ട്
അദ്ദേഹം പറഞ്ഞു."ഇവൻ ഫൈസി. പ്രളയത്തിലെ രക്ഷാപ്രവർത്തനത്തിനിടയിൽ
അന്തരിച്ച അബ്ദുന്റെ മകനാണ്. ഭർത്താവ് മരിച്ച ഷോക്കിൽ ഇവൻെറ അമ്മയും പോയി.ഇവനിപ്പോൾ അനാഥനാണ്. ഇതു കേട്ടതും ആ സ്ത്രീ നിലവിളിച്ചുകൊണ്ട് പറഞ്ഞു എൻെറ മകൻ മരിച്ചുപോയി. അവന് കാൻസറായിരുന്നു.എന്നാൽ അവൻ മരിച്ചിട്ടില്ല അവൻെറ ആത്മാവാണ് ഇവനിൽ. ഇവനിൽ എൻെറ മകനെ ഞാൻ കാണുന്നു. ഇതു കേട്ടതും അദ്ദേഹം വിതുമ്പിക്കൊണ്ട് പറഞ്ഞു .ജാതിക്കും മതത്തിനും വേണ്ടി തമ്മിലടിക്കുന്ന ജനതയ്ക്ക് നിങ്ങൾ മാത്റകയാണ്.ഇല്ലെങ്കിൽ ഒരു ബ്രാഹ്മണസ്ത്രീയായ താങ്കൾ ഒരു മുസൽമാനായ ഇവനെ സ്വീകരിക്കില്ല. ഇങ്ങനെയാണ് വിധിയെങ്കിൽ ഇങ്ങനെ തന്നെ നടക്കട്ടെ മൂന്നുപേരു പരസ്പരം നോക്കി അവരുടെ കണ്ണുകളിൽ എന്തെല്ലാമോ പറയുന്നുണ്ട് . എന്താണെന്ന് അറിയില്ല എവിടെ നിന്നോ ഒരു തണുത്ത കാറ്റ് ഒഴുകിയെത്തി. അതിൻെറ തണുപ്പു അവനെ തഴുകി.പുറത്ത്ശക്തമായ മഴയായിരുന്നു അന്ന് അവൻെറ ബാപ്പ മരിച്ചപ്പോൾ പെയ്ത്ത അതേ തോരാത്ത മഴ എന്നാൽ ഈ മഴയിൽ പുതിയ ബന്ധങ്ങൾ ഉടലെടുത്തു ജാതിയ്ക്കും മതത്തിനും വേണ്ടി തമ്മിൽ അടിക്കുന്ന ഒരു ജനതയുടെ അവസാന മായിരിക്കും ഈ തോരാമഴ. മഴയ്ക്ക് കുറച്ചുകൂടി ശക്തികൂടിയതായി തോന്നി.



നിനു റ്റി ബിജു
ക്ലാസ് V



**കവിത**



# ആരൊരാൾ എനിക്ക് തണലായിരിക്കും?

അഗന്യ ടി എസ്
ക്ലാസ് VII B

ആരൊരാൾ എനിക്ക് തണലായിരിക്കും?
ആരൊരാളെനിക്ക് കവചമായ്ത്തീരും?
ജീവിതമാകും വിജനമരുഭൂമിയിൽ
കഷ്ടതയാം കൊടുവേനലിൽ ഞാൻ
നീറി നീറിയൊടുങ്ങിക്കഴിയവേ
വരുമോ ആരെങ്കിലുമെനിക്കു തണലായി
ശൈശവകാലത്തിൽ അമ്മ പൂർണതണലായി
ബാല്യത്തിലച്ഛനോ തോളിലേറ്റി
കൗമാരവും സോദരർക്കൊപ്പം
യൗവനമോ പാതി സൗഹൃദത്തിൽ
ദാരിദ്ര്യമാം പടുകൊക്കയിൽലെത്തിച്ച്
തള്ളിവീഴ്ത്തിയിട്ടവരകന്നു
ചതിയരിയാത്തവർക്കൊപ്പം ഞാനോ
നടന്നു നീങ്ങി കഷ്ട്ടപാടിൽ കൊടുംചുഴിയിലേക്ക്
പ്രതീക്ഷയറ്റു കഴിഞ്ഞിരുന്ന ഞാൻ
പഴിച്ചു അനേകം ദൈവങ്ങളെ
പഴിച്ചു ഞാൻ എൻെറ ജീവിതത്തെ
കൊടും ചതിയിലെത്തിച്ചൊരെൻ വിധിയെ
എങ്കിലുമെൻ കിനാവിലെന്നോ
തെളിഞ്ഞൊരു നല്ല ചിത്രം മാത്രം
എൻെറ പ്രതീക്ഷ താൻ കുഞ്ഞുവെളിച്ചത്തെ
അങ്ങകലെ മെല്ലെ കൊളുത്തി നിർത്തി
മെല്ലെ തുഴഞ്ഞുഞാനെൻ തോണിയെ

കത്തി നിൽക്കും ആ പ്രകാശത്തിലേക്ക്

ആരെങ്കിലും തുണയായി വരുമോ?

അഭയാർത്ഥിയായെന്നെ സ്വീകരിക്കുമോ?

ആരൊരാളെനിക്ക് കവചമായ്ത്തീരും?

ആരൊരാൾ എനിക്ക് തണലായിരിക്കും?


ലിമി ഡാൻ

നന്ദിയോടെ

ഞങ്ങൾ ഈ രംഗത്തെ പൂതുനാമ്പുകൾ....

ഞങ്ങൾക്ക് വളരാൻ വെളിച്ചം നൽകിയവർക്ക്...

കൈത്താങ്ങായവർക്ക്.....

കൂടെനിന്നവർക്ക്....

അടുത്തു നിന്ന് സഹകരിച്ചവർക്ക്...

പിന്നെ

എല്ലാവർക്കും.

**നന്ദി....നന്ദി....നന്ദി....**

# എഡിറ്റോറിയൽ ബോർഡ്


| | |
|---|---|
| ചീഫ് എഡിറ്റർ | ഹാഫിസ് ഇബ്രാഹിം |
| സബ് എഡിറ്റേഴ്സ് | ഗൗരി പാർവതി സുനിൽ |
| | സ്നേഹ സുന്ദരൻ |
| | സനോജ് എം ബി |
| അംഗങ്ങൾ | അഭിരാമി പി കെ |
| | നയന വേലായുധൻ |
| | സേതു ലക്ഷ്മി |
| | റുക്സാന മുഹമ്മദ് |
| | ഗൗരി ദാസ് എ എ |
| | അഭിനവ് വിനോദ് |
| | സ്നേഹ പി എസ് |
| | രോഹിത് ശർമ |